©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2017 മേയ് 12<br>12th May 2017<br>1192 മേടം 29<br>29th Medam 1192<br>1939 വൈശാഖം 22<br>22nd Vaisakha 1939 | നമ്പർ<br>No. | 976 |

## കേരള സർക്കാർ

<u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 36/2017/തൊഴിൽ. *തിരുവനന്തപുരം, 2017 മേയ് 9 / 1192 മേടം 26.*

**എസ്. ആർ. ഒ. നമ്പർ 254/2017.**—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2008 ഒക്ടോബർ 20-ാം തീയതിയിലെ സ. ഉ. (സാധാരണം) 2697/2008/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2008 നവംബർ 3-ാം തീയതിയിലെ

2378-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ. ഒ. നമ്പർ 1120/2008 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2016 ജനുവരി 14-ാം തീയതിയിലെ 20326/ഇ1/2015/തൊഴിൽ നമ്പരായിട്ടുള്ളതും 2016 ജനുവരി 27-ാം തീയതിയിലെ 193-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച ശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും, സംസ്ഥാനത്തെ ഓയിൽ മിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും, ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതുമാകുന്നു:

## പട്ടിക

## **സമയനിരക്ക് ജീവനക്കാർ**

| *തൊഴിലാളികളുടെ വിഭാഗം* | *കുറഞ്ഞ അടിസ്ഥാന വേതനം (ഒരുദിവസം 8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|
| (1) | (2) |
| I. **അൺസ്കിൽഡ്** | |
| 1. ചുമട്ടുതൊഴിലാളികൾ | 370 |
| 2. യാർഡ് വർക്കർ | |
| 3. ഓയിലർ | |
| 4. ബെല്ലോമാൻ (ബ്ലോവർ) | |
| 5. ജനറൽ മിൽ വർക്കർ | |

| (1) | (2) |
|---|---|
| II. **സെമിസ്കിൽഡ്** | |
| 1. സ്റ്റിച്ചർ (ഗണ്ണി ബാഗ്സ്) | 400 |
| 2. ചക്ക് തൊഴിലാളികൾ (റോട്ടറി) | |
| 3. ചക്ക് തൊഴിലാളികൾ (എക്സ്പെല്ലർ) | |
| 4. കട്ടർമാൻ (കൊപ്ര മുറിക്കുന്നതിനായി കട്ടറിലേക്ക് കൊണ്ടുപോകുന്നതിനും പിണ്ണാക്ക് മാറ്റുന്നതിനും) | |
| 5. ഫയർമാൻ | |
| 6. ഫിൽറ്റർമാൻ | |
| 7. ഫില്ലർ/ഓയിൽ മെഷറർ | |
| 8. കൂപ്പർ | |
| 9. ഓയിൽ പാസിംഗ് വർക്കർ | |
| 10. പ്രസ്സ്മാൻ | |
| III. **സ്കിൽഡ്** | |
| 1. ഫിറ്റർ | 430 |
| 2. ലേയ്ത്ത്മാൻ (ടർണർ) | |
| 3. റോട്ടറി, ചക്ക് ഫോർമാൻ | |
| 4. ഫോർമാൻ (എക്സ്പെല്ലർ) | |
| 5. ബ്ലാക്ക്സ്മിത്ത് | |
| 6. എഞ്ചിൻ ഡ്രൈവർ | |
| 7. ഇലക്ട്രീഷ്യൻ | |
| 8. ഓപ്പറേറ്റർ (ഇലക്ട്രിക്കലും മെക്കാനിക്കലും | |
| 9. ഡിഓയിലിംഗ് മെഷീനുകളുടെ ഓപ്പറേറ്റർമാർ (സോൾവെന്റ് എക്സ്ട്രാക്ഷൻ യൂണിറ്റുകൾ ഒഴികെ) | |
| 10. വെയ്ബ്രിഡ്ജ് ഓപ്പറേറ്റർ | |

## പീസ്-റേറ്റ് വർക്കേഴ്സ്/എംപ്ലോയീസ്

| | (1) | (2) |
|---|---|---|
| 1. | ടിൻകർ—ഒരു ഓയിൽ ടിൻ ടിൻകർ ചെയ്യുന്നതിന് (തൊഴിൽ ദാതാവ് ടിൻകറിന് വേണ്ട സാധന സാമഗ്രികൾ നൽകിയാൽ) | 12.00 |
| 2. | കൂപ്പർ—പമ്പിംഗ് ചാർജ്ജുകൾ (ബാരൽ/ഡ്രം/ടിൻ നിറയ്ക്കുന്നതിന്) ഒരു ക്വിന്റൽ ഓയിലിന് | 7.00 |
| 3. | ഓയിൽ ടിൻ/ഓയിൽ ബാരൽ/ഓയിൽ ഡ്രം ലോഡ് ചെയ്യുന്നതിന് | |
| | (എ) ടിന്നൊന്നിന് | 7.50 |
| | (ബി) ബാരൽ/ഡ്രം ഒന്നിന് | 15.00 |

## മാസശമ്പളക്കാർ (ആഫീസ് ജീവനക്കാർ)

| | | *വിഭാഗം* | *കുറഞ്ഞ അടിസ്ഥാന മാസ വേതനം (രൂപ)* |
|---|---|---|---|
| | | (1) | (2) |
| I. | 1. | മാനേജർ | 12,000 |
| | 2. | പർച്ചേസ് മാനേജർ | |
| | 3. | സെയിൽസ് മാനേജർ | |
| II. | 1. | സൂപ്പർവൈസർ | 11,250 |
| | 2. | ക്വാളിറ്റി കൺട്രോളർ | |
| III. | 1. | ക്ലാർക്ക് | 10,500 |
| | 2. | അക്കൗണ്ടന്റ് | |
| | 3. | കാഷ്യർ | |
| | 4. | ടൈപ്പിസ്റ്റ് | |
| | 5. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| | 6. | ഡ്രൈവർ | |

| (1) | | (2) |
|---|---|---|
| IV. | 1. സെക്യൂരിറ്റി സ്റ്റാഫ് | 9,750 |
| | 2. പ്യൂൺ | |
| | 3. അറ്റന്റർ | |
| | 4. വാച്ച്മാൻ | |
| | 5. ജനറൽ വർക്കർ | |
| | 6. ഗാർഡൻ വർക്കർ | |
| | 7. ഫുൾടൈം സ്വീപ്പർ | |
| V. | 1. സ്വീപ്പർ (പാർട്ട്-ടൈം) | 7,090 |

**ക്ഷാമബത്ത**

എല്ലാ സമയനിരക്ക് ജീവനക്കാർക്കും പീസ്-റേറ്റ് ജീവനക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ടിൻകർക്കും, കൂപ്പർക്കും I-ഉം II-ഉം III-ഉം വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മാസ ശമ്പളക്കാർക്കും ആഫീസ് ജീവനക്കാർക്കും അടിസ്ഥാന വേതനത്തിനുപുറമേ കേരള സർക്കാരിന്റെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കും വേണ്ടി പ്രസിദ്ധീകരിച്ചിട്ടുള്ള ബന്ധപ്പെട്ട മാസത്തിലെ ഉപഭോക്തൃ വില സൂചിക പുതിയ സീരീസ്, അതായത്, 1998-99 = 100, അടിസ്ഥാനത്തിൽ നൽകേണ്ടതായ ക്ഷാമബത്ത ചുവടെ ചേർക്കുന്നു:

(1) സ്വീപ്പർ (പാർട്ട്-ടൈം) ഒഴികെയുള്ള സമയനിരക്കും പീസ്-റേറ്റും ജീവനക്കാർക്ക് 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം ഒരു രൂപ നിരക്കിൽ

(2) മാസശമ്പളക്കാരായ ജീവനക്കാർക്കും തൊഴിലാളികൾക്കും 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26 രൂപ നിരക്കിൽ.

കുറിപ്പ്:—വയനാട് ജില്ലയ്ക്ക് മേപ്പാടി കേന്ദ്രത്തിന് പ്രസിദ്ധീകരിച്ച ഉപഭോക്തൃ വില സൂചികയുടേയും, ഇടുക്കി ജില്ലയ്ക്ക് മൂന്നാർ കേന്ദ്രത്തിന് പ്രസിദ്ധീകരിച്ച ഉപഭോക്തൃ വില സൂചികയുടേയും അടിസ്ഥാനത്തിലാണ് ക്ഷാമബത്ത നൽകേണ്ടത്.

**സർവ്വീസ് വെയിറ്റേജ്**

എല്ലാ വിഭാഗം ജീവനക്കാർക്കും (ആഫീസ് ജീവനക്കാർ ഉൾപ്പെടെ) അന്തിമ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഏതെങ്കിലും വ്യവസായ യൂണിറ്റിലോ ഒരു തൊഴിലുടമയുടെ കീഴിലോ മൂന്ന് വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയായവർക്ക്, പൂർത്തിയാക്കിയ ഓരോ വർഷത്തെയും സേവനത്തിന് അവരുടെ പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ ഒരു ശതമാനം നിരക്കിൽ പരമാവധി പത്ത് ശതമാനത്തിന് വിധേയമായി അവരുടെ അടിസ്ഥാന ശമ്പളത്തിൽ സർവ്വീസ് വെയിറ്റേജിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**രാത്രി ഷിഫ്റ്റിനുള്ള ബാറ്റാ**

രാത്രി ജോലി ചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും അവരുടെ വേതനത്തിന് പുറമേ പ്രതിദിനം 20 (ഇരുപത് രൂപ) അധികമായി നൽകേണ്ടതാണ്.

**ദിവസ/മാസ വേതനം കണക്കാക്കൽ**

ദിവസ വേതന വിഭാഗക്കാരുടെ മാസവേതനം നിശ്ചയിക്കുന്നത് യഥാക്രമം അതാത് വിഭാഗത്തിന്റെ ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ച് കണക്കാക്കേണ്ടതും മാസവേതന വിഭാഗക്കാരുടെ ദിവസ വേതനം നിശ്ചയിക്കുന്നത് അതാത് വിഭാഗത്തിന്റെ മാസവേതനത്തെ 26 കൊണ്ട് ഹരിച്ചും ആണ്.

**ഉയർന്ന വേതനത്തിന് സംരക്ഷണം**

പുതുക്കിയ മിനിമം വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിലോ/ഓയിൽ മില്ലിലോ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിന്റെ ആനുകൂല്യത്തിന് അവർ തുടർന്നും അർഹരായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ ഓയിൽ മിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2008 ഒക്ടോബർ 20-ാം തീയതിയിലെ സ. ഉ. (സാധാരണം) 2697/2008/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2008 നവംബർ 3-ാം തീയതിയിലെ 2378-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1120/2008 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. 2016 ജനുവരി 14-ാം തീയതിയിലെ 20326/ഇ1/2015/തൊഴിൽ നമ്പരായിട്ടുള്ളതും 2016 ജനുവരി 27-ാം തീയതിയിലെ 193-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള കരട് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡിന്റെ ഉപദേശങ്ങൾ പരിഗണിച്ചശേഷവും പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

### Labour and Skills (E) Department

### NOTIFICATION

G. O. (P) No. 36/2017/LBR.

*Dated, Thiruvananthapuram, 9th May, 2017 / 26th Medam, 1192.*

**S. R. O. No. 254/2017.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the Notification issued under G.O. (Rt.) No. 2697/2008/LBR dated 20th October, 2008 and published as S.R.O. No. 1120/2008 in the Kerala Gazette Extraordinary No. 2378 dated 3rd November, 2008, the Government of Kerala after considering the

objections and suggestions received on the draft proposal published as per Notification No. 20326/E1/2015/LBR dated 14th January, 2016, in the Kerala Gazette Extraordinary No. 193 dated 27th January, 2016, as required under clause (b) of sub-section (1) of section 5 of the said Act and after consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Oil Mills sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date on which the revised rates shall come into force.

SCHEDULE

TIME RATED WORKERS

| *Category of Workers* | *Minimum Basic Wages (Per day for 8 hours of work)* |
|---|---|
| (1) | (2) |
| **I. Unskilled** | |
| 1. Headload workers | ₹ 370 |
| 2. Yard worker | |
| 3. Oiler | |
| 4. Belloman (Blower) | |
| 5. General Mill worker | |
| **II. Semiskilled** | |
| 1. Stitcher (Gunny bags) | ₹ 400 |
| 2. Chuck workers (Rotary) | |
| 3. Chuck workers (Expeller) | |
| 4. Cutterman (doing the work of carrying copra to the cutter and removing cake) | |
| 5. Fireman | |
| 6. Filterman | |
| 7. Filler/Oil Measurer | |
| 8. Cooper | |
| 9. Oil Passing Worker | |
| 10. Pressman | |

**III. Skilled**

| | |
|---|---|
| 1. Fitter<br>2. Latheman (Turner)<br>3. Rotary, Chuck Foreman<br>4. Foreman (Expeller)<br>5. Blacksmith<br>6. Engine Driver<br>7. Electrician<br>8. Operator (Electrical and Mechanical)<br>9. Operators of deoiling machines (excluding solvent extraction units)<br>10. Weigh bridge operator | ₹ 430 |

PIECE RATED WORKERS/EMPLOYEES

| | |
|---|---|
| 1. Tinker—tinkering per oil tin (Materials for tinkering being provided by the Employer) | ₹ 12 |
| 2. Cooper—pumping charges (filling barrel/ drum/tin) per quintal oil | ₹ 7 |
| 3. Loading of oil tin/oil barrel/oil drum | |
| (a) Per tin | ₹ 7.50 |
| (b) Per barrel/drum | ₹ 15 |

MONTHLY RATED EMPLOYEES (OFFICE STAFF)

| *Category* | *Monthly Minimum Basic Wages* |
|---|---|
| (1) | (2) |
| **I** 1. Manager<br>2. Purchase Manager<br>3. Sales Manager | ₹ 12,000 |

| (1) | | | (2) |
|---|---|---|---|
| II | 1. | Supervisor | ₹ 11,250 |
| | 2. | Quality Controller | |
| III | 1. | Clerk | ₹ 10,500 |
| | 2. | Accountant | |
| | 3. | Cashier | |
| | 4. | Typist | |
| | 5. | Computer Operator | |
| | 6. | Driver | |
| IV | 1. | Security Staff | ₹ 9,750 |
| | 2. | Peon | |
| | 3. | Attender | |
| | 4. | Watchman | |
| | 5. | General Worker | |
| | 6. | Garden Worker | |
| | 7. | Fulltime Sweeper | |
| V | 1. | Sweeper (Part-time) | ₹ 7,090 |

**Dearness Allowance**

In addition to the basic wages, all the time-rated workers and the Tinkers and Coopers included among the Piece-rated workers and all the monthly rated employees and office staff included in Category I, II and III are to be paid Dearness Allowance on the basis of the Consumer Price Index numbers for the month concerned in the new series, ie., 1998-99=100, published by the Department of Economics and Statistics, Government of Kerala for the district headquarters concerned at the following rates:

(1) For the time-rated and piece-rated workmen at the rate of one rupee per one point per day in excess of 250 points excluding the sweeper (Part-time).

(2) For the monthly paid staff and workmen at the rate of ₹ 26 per one point per month in excess of 250 points.

*Note:*—Dearness Allowance shall be paid in Wayanad District based on the Consumer Price Index Numbers published for Meppadi Centre and in Idukki District based on the Consumer Price Index Numbers published for Munnar Centre.

**Service weightage**

All the categories of workmen (including office staff) who have completed not less than three years continuous service in any establishment or under an employer as on the date of commencement of the final notification are entitled to get service weightage included in their basic wages at the rate of one per cent of the revised basic wages for every completed year of service subject to a maximum of ten per cent.

**Bata for night shift**

A minimum rate of ₹ 20 in addition to the wages may be paid for all categories of workers who have to work during night.

**Calculation of daily/monthly wages**

The monthly wages for categories in respect of which the daily wages have been fixed shall be calculated by multiplying daily wage of the respective category by twenty six and the daily wages for categories in respect of which monthly wages have been fixed shall be calculated by dividing the monthly wages by twenty six.

**Higher wages**

In case the employees working in any establishment/oil mill are actually in receipt of higher wages than the revised minimum wages, they shall be entitled to get the benefit of such higher wages continuously.

By order of the Governor,

TOM JOSE,
*Additional Chief Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have fixed the minimum rates of wages payable to the employees employed in the Oil Mills sector in the State of Kerala as per Notification issued under G. O. (Rt.) No. 2697/2008/LBR dated 20th October, 2008 and published as S.R.O. No. 1120/2008 in the Kerala Gazette Extraordinary No. 2378 dated 3rd November, 2008. Government have now decided to revise the existing minimum rates of wages in the said industry after considering objections and suggestions on the draft proposal published as per Notification No. 20326/E1/2015/LBR dated 14th January, 2016, in the Kerala Gazette Extraordinary No. 193 dated 27th January, 2016, and after considering the advice of the Minimum Wages Advisory Board constituted for this purpose.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2017.